**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1151** **02.05.2017 ൽ മറുപടിയ്ക്ക്**

## കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് വില നിർണയ ഏജൻസി

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. കെ. ബാബു<br>ശ്രീ. ഒ.ആർ. കേളു<br>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ | ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| (എ) കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനായി ദീർഘകാല, ഹ്രസ്വകാല വിളകൾക്ക് വില നിർണയത്തിനായി ഏജൻസി രൂപീകരിക്കാൻ തയ്യാറാകുമോ; | (എ) യും (ബി) യും ഇപ്പോൾ പരിഗണനയിലില്ല എന്നാൽ കാർഷികോൽപ്പന്നങ്ങളുടെ വില സംബന്ധിച്ച് പഠിക്കുന്നതിനും സർക്കാരിനെ ഉപദേശിക്കുന്നതിനുമായി സംസ്ഥാന വില നിർണ്ണയ ബോർഡ് ( State Prices Board) നിലവിലുണ്ട്. |
| (ബി) പരമ്പരാഗത തൊഴിൽ മേഖലയിലേതിനു സമാനമായ രീതിയിൽ ഇൻകം സപ്പോർട്ട് സ്കീമോ മറ്റേതെങ്കിലും പദ്ധതിയോ കർഷകർക്കായി ആവിഷ്കരിക്കുമോ; | |
| (സി) സംയോജിത കൃഷി പ്രോത്സാഹനത്തിനും വിളനാശമുണ്ടാകുന്ന സാഹചര്യത്തിൽ ന്യായമായ തോതിലുള്ള നഷ്ടപരിഹാരം നൽകാനും പദ്ധതികൾ നിലവിൽ ഉണ്ടോ; | (സി) സംയോജിത കൃഷി പദ്ധതി മാതൃകകൾ രൂപപ്പെടുത്തുന്നതിന് ആത്മ പ്ലസ് പദ്ധതിയുടെ ഭാഗമായി ധനസഹായം നൽകി വരുന്നു. കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ സംയോജിത കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നുണ്ട്. പുനരാവിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം അംഗങ്ങളാകുന്ന കർഷകർക്ക് പദ്ധതി നിബന്ധനകൾക്ക് വിധേയമായി കാർഷിക വിളനാശത്തിന് പുതുക്കിയ നിരക്കിൽ നഷ്ടപരിഹാരം നൽകി വരുന്നു. |
| (ഡി) മിതമായ നിരക്കിലുള്ള വായ്പാ ലഭ്യത ഉറപ്പുവരുത്താൻ നടപടിയെടുക്കുമോ? | (ഡി) നബാർഡിന്റെ സഹായത്തോടെ പൊതുമേഖല/ സഹകരണമേഖലാ ധനകാര്യ സ്ഥാപനങ്ങൾ വഴി കൃഷി ആവശ്യത്തിനായി 7% പലിശ നിരക്കിൽ വായ്പ നൽകി വരുന്നു. കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 3% പലിശ ഇളവും നൽകിവരുന്നു. |

**സെക്ഷൻ ഓഫീസർ**